**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4470** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കായി സിവിൽ സർവീസ് പരിശീലന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവീസ് പരീക്ഷയ്ക്കായി സ്ഥിരം പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | എല്ലാ ജില്ലകളിലും സ്ഥിരം പരിശീലന കേന്ദ്രങ്ങൾ നിലവിലില്ല. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ICSETS എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ച വരുന്നു. ICSETS മുഖേന കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം സെന്ററുകളിൽ പരിശീലനം നടത്തുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. കൂടാതെ ICSETS ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ലക്ഷ്യ" സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദ്യാർത്ഥികൾ അവരുടെ താൽപര്യാർത്ഥം തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ സിവിൽ സർവീസ് പരിശീലനം നേടുന്ന 30 പട്ടികജാതി പട്ടികവർഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച വരുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ സ്ഥലസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി അത്തരം പരിശീനകേന്ദ്രങ്ങൾ ആദ്യഘട്ടമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | വകുപ്പിന്റെ കീഴിൽ സ്ഥലം ലഭ്യമായ പ്രദേശങ്ങളിൽ സിവിൽ സർവീസ് പരിശീലന സൗകര്യത്തോട് കൂടി പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ